## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*228** **14/12/2015-ൽ മറുപടിക്ക്**

### ആയുഷ് ഹോളിസ്റ്റിക് കേന്ദ്രങ്ങൾ

**ചോദ്യം**

ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി
" ബെന്നി ബെഹനാൻ
" വി.ഡി.സതീശൻ
" ജോസഫ് വാഴയ്ക്കൻ

**മറുപടി**

ശ്രീ.വി.എസ്.ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും,ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ആയുഷ് ഹോളിസ്റ്റിക് കേന്ദ്രങ്ങൾ ആരംഭിക്കാൻ എന്തെല്ലാം കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്; | (എ) | 2015-16 വർഷം കൊല്ലത്തും മലപ്പുറത്തും പുതുതായി ആയുഷ് ഹോളിസ്റ്റിക് സെന്ററുകൾ ആരംഭിച്ചു. നിലവിൽ തിരുവനന്തപുരം,കൊല്ലം,എറണാകുളം മലപ്പുറം, കോഴിക്കോട്, കണ്ണൂർ തുടങ്ങിയ ജില്ലകളിൽ ആയുഷ് ഹോളിസ്റ്റിക് കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ആയുഷ് ഹോളിസ്റ്റിക് കേന്ദ്രങ്ങളുടെ പ്രവർത്തനത്തിനായി 1,40,00,000/- (ഒരു കോടി നാൽപതു ലക്ഷം രൂപ) രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ വയനാട് ജില്ലയിൽ പുതുതായി ഒരു ആയുഷ് ഹോളിസ്റ്റിക് കേന്ദ്രം തുടങ്ങുന്നതിനും നിലവിലുള്ള ആറ് ആയുഷ് ഹോളിസ്റ്റിക് കേന്ദ്രങ്ങളുടെ മെച്ചപ്പെട്ട പ്രവർത്തനങ്ങൾക്കും ഹോമിയോഡോക്ടർ, നാച്ചുറോപ്പതി ഡോക്ടർ, യോഗ പരിശീലകൻ, എന്നിവരുടെ സേവനം ലഭ്യമാക്കുന്നതിനുമുള്ള കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | ഹോമിയോപ്പതി ചികിൽസയോടൊപ്പം പ്രകൃതി ജീവനവും ഭാരതീയ ചികിൽസാ സമ്പ്രദായങ്ങളായ ആയുർവേദവും യോഗയും സമന്വയിപ്പിച്ചു കൊണ്ട് സമൂഹത്തിൽ അധികരിച്ചു വരുന്ന ക്യാൻസർ,ഹൃദ്രോഗം, പ്രമേഹം, രക്തസമ്മർദ്ദം, ഗർഭാശയരോഗങ്ങൾ, അന്തഃസ്രാവ ഗ്രന്ഥി രോഗങ്ങൾ തുടങ്ങിയ ജീവിത ശൈലീരോഗങ്ങളുടെ ചികിൽസയും പ്രതിരോധ ചികിൽസയുമാണ് ആയുഷ് ഹോളിസ്റ്റിക് കേന്ദ്രങ്ങൾ എന്ന സമന്വയ സമഗ്ര ചികിൽസാ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ. ഹോമിയോപ്പതി, ആയുർവേദം, യോഗ, പ്രകൃതി ജീവന സമ്പ്രദായങ്ങളിലെ ഗുണാംശങ്ങളെ സമന്വയിപ്പിച്ചും സ്വാംശീകരിച്ചു കൊണ്ടുമുള്ള ഒരു സമഗ്ര ചികിൽസാ പദ്ധതിയാണിത്.ഇതിനായി ഹോമിയോപ്പതി, ആയുർവേദം, നാച്ചുറോപ്പതി |

| | | | |
|---|---|---|---|
| | | | ഡോക്ടർമാരുടേയും യോഗ പരിശീലകന്റെയും സംയുക്ത സേവനം ഈ പദ്ധതിക്കായി സമഞ്ജസമായി ഉപയോഗപ്പെടുത്തുന്നു. |
| (സി) | പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | (സി) | ഈ പദ്ധതിയുടെ സേവനം നിലവിൽ തിരുവനന്തപുരം, കൊല്ലം, എറണാകുളം, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ ലഭ്യമാണ്.ആയുഷ് ഹോളിസ്റ്റിക് കേന്ദ്രങ്ങളുടെ പ്രവർത്തനത്തിനായി 1,40,00,000/-(ഒരു കോടി നാൽപതി ലക്ഷം രൂപ) രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ വയനാട് ജില്ലയിൽ പുതുതായി ഒരു ആയുഷ് ഹോളിസ്റ്റിക് കേന്ദ്രം തുടങ്ങുന്നതിനും നിലവിലുള്ള ആറ് ആയുഷ് ഹോളിസ്റ്റിക് കേന്ദ്രങ്ങളുടെ മെച്ചപ്പെട്ട പ്രവർത്തനങ്ങൾക്കും ഹോമിയോഡോക്ടർ, നാച്ചുറോപ്പതി ഡോക്ടർ, യോഗ പരിശീലകൻ,എന്നിവരുടെ സേവനം ലഭ്യമാക്കുന്നതിനുമുള്ള കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ